(c) what are the immediate requests made by the Association and its President ;

(d) have Government taken any decision ?

Chief Minister (**Shri R. Sanker**) :

(a) Yes.

(b) No.

(c) A copy of the Memorandum dated 7-11-1962 containing the immediate requests of the Association is placed on the table. †

(d) Decision has been taken on many of the requests. Some are still under consideration.

ബസ്സ് റൂട്ടുകളുടെ ദേശവൽക്കരണം.

* 286. [42] . ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ കോട്ടയം ഡിസ്ട്രിക്ടിൽ ഏതെങ്കിലും ബസ്സ് റൂട്ടുകൾ ദേശവൽക്കരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ചങ്ങനാശ്ശേരി-കുമിളി റൂട്ടിനു മുൻഗണന കൊടുക്കുവാൻ ആലോചിക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS

വയനാട് വികസന സർവ്വെ.

39. [2] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മൂന്നാം പദ്ധതിക്കാലത്തുതന്നെ പൂർത്തീകരിക്കത്തക്കവിധത്തിൽ വയനാട് താലൂക്കുകളുടെ ഒരു വികസന സർവ്വെ സമഗ്രമായി നടത്തുവാൻ ഗവണ്മെന്റിനു ഭയവുണ്ടാകുമോ ?

ഉത്തരം.

മൂന്നാം പദ്ധതിയിൽ വയനാട് താലൂക്കുകളുടെ വികസനസർവ്വെ നടത്തുവതിനുവേണ്ടി ഒരു സ്കീം ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഒരു സർവ്വെ നടത്തുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നില്ല.

പബ്ലിക് സർവീസ് കമ്മീഷനാഫീസിലെ വിവിധ ജോലിക്കാർ.

40. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ 31—ാം തീയതി പബ്ലിക് സർവീസ് കമ്മീഷനാഫീസിൽ വിവിധ തസ്തികകളിൽ എത്രപേർ ജോലിയുള്ളവരുണ്ട് ;

(ബി) അവരിൽ ഓരോ സമുദായത്തിലുംപെട്ടവരെത്ര ;

(സി) കുറവുകൾ കൂട്ടത്തിൽ ആരെങ്കിലും ലോവർ ഡിവിഷൻ ക്ലാർക്കായിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവരെ നിയമിക്കുന്നതിന് ഭയവുണ്ടാകുമോ ?

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 179.

(ബി)

നായർ	67
ബ്രാഹ്മണൻ	11
ക്രൈസ്തവർ	16
ഈഴവർ	33
മുഹമ്മദീയർ	12
ലത്തീൻകത്തോലിക്കർ	21
മറ്റു ക്രിസ്ത്യാനികൾ	2
മറ്റു പിന്നാക്കസമുദായക്കാർ	8
പട്ടികജാതി പട്ടികവർഗ്ഗക്കാർ	9
	179

(സി) ഇല്ല.

(ഡി) കുറവർ പട്ടികജാതിയിൽപ്പെടുന്നതാണു്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടേയും അതിൽ കുറവ സമുദായത്തിൽപ്പെട്ടവരുടേയും മുറ വരുമ്പോൾ മാത്രമേ നിയമപ്രകാരം കുറവസമുദായത്തിൽപ്പെട്ട ഒരാളെ നിയമിക്കാൻ സാദ്ധ്യമാകൂ എന്നു് കമ്മിഷൻ അറിയിച്ചിട്ടുണ്ടു്.

അലവൻസു് കൂട്ടിക്കിട്ടണമെന്ന മെമ്മോറാണ്ടം.

41. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിത്യോപയോഗസാധനങ്ങളുടെ വിലയെ പരിഗണിച്ചു് അലവൻസു് കൂട്ടിക്കിട്ടണമെന്ന ആവശ്യപ്പെട്ടുകൊണ്ടു് ഏതെങ്കിലും മെമ്മോറാണ്ടം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരുടെ പക്കൽനിന്നും ;

(സി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) താഴെ പറയുന്ന സംഘടനകളിൽനിന്നും.

1. നോർത്തു് കേരള ലാസ്റ്റു് ഗ്രേഡു് ഗവണ്മെൻറു് എംപ്ലോയീസു് യൂണിയൻ, കാസർഗോഡു് താലൂക്കു് യൂണിറ്റു്,
2. പുതിയറ കോമൺവെൽത്തു് റെയിൽ വർക്കേഴ്സു് യൂണിയൻ,
3. ആറം കേരള ടൈപ്പിസ്റ്റു് ആൻറു് സ്റ്റെനോഗ്രാഫേഴ്സു് യൂണിയൻ, തിരുവനന്തപുരം.
4. നോർത്തു് കേരള ലാസ്റ്റു് ഗ്രേഡു് ഗവണ്മെൻറു് എംപ്ലോയീസു് യൂണിയൻ, സെൻട്രൽ കമ്മിറ്റി, കോഴിക്കോടു്.
5. നോർത്തു് കേരള ലാസ്റ്റു് ഗ്രേഡു് ഗവണ്മെൻറു് എംപ്ലോയീസു് യൂണിയൻ, തിരൂർ താലൂക്കു് കമ്മിറ്റി.
6. ദി കേരള ഹൈക്കോർട്ടു് സ്റ്റാഫു് അസോസിയേഷൻ.
7. കേരള എൻ. ജി. ഒ. യൂണിയൻ താലൂക്കു് സെൻറർ, കോട്ടയം.

(സി) സ്റ്റോറിൻെറ ഇന്നത്തെ സാമ്പത്തികനിലയെ പരിഗണിച്ചു് അവരുടെ അപേക്ഷ അനുവദിക്കുവാൻ സാദ്ധ്യമല്ലെന്നു സംഘടനകളെ അറിയിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly